# UDAYADEEPA



VOL. XVIII ISSUE - 10
OCTOBER 2026

# Bishop James Patteril CMF with Pope Leo XIV (10-09-2026)





# UDAYADEEPA BELTHANGADY

# ಉದಯದೀಪ ಬೆಳ್ತಂಗಡಿ

# ഉദയദീപ ബെൾത്തംഗഡി

## Belthangady Diocesan Bulletin


Vol. XVIII Issue-10 October - 2026 Page- 44

Annual Subscription: Rs. 140-00 Single Copy: Rs. 12-00

Edited, Printed and Published, by Fr. Joseph Valiaparambil
Bishop's House, Udayanagar, P.B. No.13
Belthangady - 574 214, D.K., Karnataka, India.
Printed at Shree Raghavendra Printers, Ujire-574 240

Website : www.belthangadydiocese.com
Email : udayadeepabel@gmail.com
Tel.: 08256-232439

# CONTENTS


| | | |
|---|---|---|
| 01. | Circular : Major Archbishop | 05 |
| 02. | Circular : Major Archbishop | 10 |
| 03. | Notifications from the Chancellery | 17 |
| 04. | Catechism Department News | 19 |
| 05. | Bible Apostolate News | 26 |
| 06. | Family Apostolate News | 28 |
| 07. | Youth Apostolate News | 31 |
| 08. | Social Service Department | 33 |
| 09. | Photo Gallery | 38 |
| 10. | Bishop's Diary : Bp. Lawrence Mukkuzhy | 41 |
| 11. | Bishop's Diary : Bp. James Patteril CMF | 42 |
| 12. | Bishop's Engagements : Bp. James Patteril CMF | 43 |




Prot. No. 0620/2026

**സർക്കുലർ**

## ഒക്ടോബർ മിഷൻ മാസാചരണം

**സീറോമലബാർ സഭയുടെ മേജർ ആർച്ചു ബിഷപ്പ് മാർ റാഫേൽ തട്ടിൽ തന്റെ സഹ ശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക്**

**ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവ ജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!**

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ആഗോള കത്തോലിക്കാ സഭയിൽ മിഷൻ ഞായർ ആചരിക്കുന്നതിനു തുടക്കംകുറിച്ചതു പതിനൊന്നാം പീയൂസ് മാർപാപ്പയാണ്. സഭയുടെ പ്രേഷിത ദൗത്യത്തെക്കുറിച്ചുള്ള അവബോധം വിശ്വാസികളിൽ വളർത്തുകയും മിഷൻ പ്രവർത്തനങ്ങൾക്കായി പ്രാർഥനയും സാമ്പത്തിക സഹായവും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ, 1926ൽ ഒക്ടോബറിലെ അവസാന ഞായറാഴ്ചയ്ക്കു മുമ്പുള്ള ഞായറാഴ്ച മിഷൻ ഞായറായി ആചരിക്കാൻ മാർപാപ്പ നിർദേശിച്ചു. 1926ൽ പ്രസിദ്ധീകരിച്ച Rerum Ecclesiae എന്ന ചാക്രികലേഖനത്തിലൂടെ മിഷൻ പ്രവർത്തനങ്ങളുടെ വളർച്ചയ്ക്കും സഭയുടെ വ്യാപനത്തിനും അദ്ദേഹം പ്രത്യേക പ്രാധാന്യം നല്കി. അതുമുതൽ ആദ്യമായി ആചരിക്കപ്പെട്ട മിഷൻ ഞായർ, സഭയുടെ സർവലൗകിക പ്രേഷിത ദൗത്യത്തിൽ എല്ലാ വിശ്വാസികളും പങ്കാളികളാണെന്ന് ഓർമിപ്പിക്കുന്ന വാർഷികാചരണമായി വളർന്നു.

സാർവത്രിക സഭയോടൊപ്പം ഒക്ടോബർ മാസത്തിൽ മിഷൻ ഞായർ ആചരിക്കുന്നതിനു പുറമേ, 2016 മുതൽ ജനുവരി മാസത്തിൽ ദനഹാത്തിരുനാൾ മുതൽ പന്ത്രാം തീയതിവരെ മിഷൻ ആഭി മുഖ്യം വളർത്തിയെടുക്കുന്നതിനുവേണ്ടി നമ്മുടെ സഭയിൽ മിഷൻ വാരമായി ആചരിച്ചു വരികയായിരുന്നു. വിവിധ കാരണങ്ങളാൽ ഈ ആചരണം ഉദ്ദേശിച്ച ഫലപ്രാപ്തി കൈവരിക്കാതിരുന്നതിനാൽ, 2024ൽ പാലാ യിൽ നടന്ന മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ നിർദേശപ്രകാരം, ജനുവരിയിലെ മിഷൻ വാരാചരണത്തിനു പകരം ഒക്ടോബർ മാസം മുഴുവനും മിഷൻ മാസമായി ആചരിക്കാൻ സീറോമലബാർ സഭയുടെ മെത്രാൻ സിനഡു തീരുമാനിച്ചിരിക്കുകയാണ്. അതനു സരിച്ച്, 2026 മുതൽ ഒക്ടോബർ മിഷൻ മാസമായി

സീറോ മലബാർ സഭയിൽ ഇതിനാൽ സ്ഥാപിക്കുകയാണ്. മിഷൻ മാസാചരണവുമായി ബന്ധപ്പെട്ട എല്ലാ ക്കാര്യങ്ങളും ഏകോപിപ്പിക്കുന്നത് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫിസായിരിക്കും.

സഭ സ്വഭാവത്താൽത്തന്നെ പ്രേഷിതയാണെന്നുണ്ടരാംവത്തിക്കാൻ കൗൺസിൽ നമ്മെ ഓർമിപ്പിക്കുന്നു. സുവിശേഷപ്രഘോഷണം സഭയുടെ പ്രധാന ദൗത്യം മാത്രമല്ല, അവളുടെ സ്വത്വം തന്നെയാണ്; സഭ നിലനിൽക്കുന്നതുതന്നെ സുവിശേഷവത്കരണത്തിനുവേണ്ടിയാണ് (Evangelii Nuntiandi, 14, 16). അതിനാൽ, മാമ്മോദീസ സ്വീകരിച്ച ഓരോ വിശ്വാസിയും സഭയുടെ പ്രേഷിത ദൗത്യത്തിൽ പങ്കാളിയാകാൻ വിളിക്കപ്പെട്ടിരിക്കുന്നു. സുവിശേഷത്തിനുവേണ്ടി ജീവിതം സമർപ്പിച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന മെത്രാന്മാർ, വൈദികർ, സമർപ്പിതർ, അല്മായ പ്രേഷിതർ എന്നിവരെയും അവരുടെ സേവനങ്ങളെയും നന്ദിയോടെ ഓർക്കുന്നു. മിഷൻ പ്രവർത്തനങ്ങൾക്ക് അനുകൂലമല്ലാത്ത സാഹചര്യങ്ങൾ വർധിച്ചുവരുന്ന ഈ കാലഘട്ടത്തിലും കർത്താവായ ഈശോ മിശിഹാ നമ്മെ ഭരമേല്പിച്ച പ്രേഷിതദൗത്യത്തിൽ നാം കുറവു വരുത്തരുത്.

ആദ്യകാലങ്ങളിൽ മറ്റു സഭകളിൽ നിന്നുള്ള മിഷനറിമാർ നമ്മെ വിശ്വാസത്തിൽ വളർത്തുന്നതിനായി സഹായിച്ചതു നന്ദിയോടെ ഓർക്കുന്നു. സാവകാശം, നമ്മുടെ സഭയിൽ ധാരാളം വൈദിക സമർപ്പിത ദൈവവിളികൾ ഉണ്ടാവുകയും നമ്മുടെ വൈദികരും സമർപ്പിതരും ഭാരതത്തിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും സുവിശേഷ പ്രഘോഷണത്തിനും സാമൂഹ്യസേവനങ്ങൾക്കുമായി മിഷൻ ചൈതന്യത്തോടെ പുറപ്പെടുകയും ചെയ്തു എന്നതു ദൈവത്തിനു നന്ദി പറയേണ്ട വസ്തുതയാണ്. അതുപോലെ, ഭാരതത്തിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുമുള്ള മറ്റു സഭകളിലെ രൂപതകളിലും സമർപ്പിത സമൂഹങ്ങളിലും ചേർന്നു കർത്താവിന്റെ സുവിശേഷം പ്രഘോഷിക്കുന്ന സീറോമലബാർ സഭയുടെ മക്കളായ മെത്രാന്മാരും വൈദികരും സമർപ്പിതരും നമ്മുടെ സഭയുടെ അഭിമാനമാണ്. അതുപോലെ, സുവിശേഷ പ്രഘോഷണത്തിലേർപ്പെട്ടിരിക്കുന്ന അല്മായ പ്രസ്ഥാനങ്ങളിലും സീറോ മലബാർ സഭാഗങ്ങൾ സജീവസാന്നിധ്യമാണ് എന്നതും എടുത്തു പറയേണ്ടതാണ്. ഈ മിഷൻപ്രവർത്തനം നമ്മുടെ കടമയാണ്, ഔദാര്യമല്ല എന്നത് അനുസ്മരിക്കാം.

നമ്മൾ ആരംഭിക്കുന്ന മിഷൻ മാസാചരണം സുവിശേഷ പ്രഘോഷണത്തിന്റെയും പ്രേഷിത പ്രവർത്തനങ്ങളുടെയും വിവിധതലങ്ങളെ അറിയുന്നതിനും മനസിലാക്കുന്നതിനും പിന്തുണയ്ക്കുന്നതിനും രൂപതകളെയും ഇടവകളെയും കുടുംബങ്ങളെയും വ്യക്തികളെയും പ്രചോദിപ്പിക്കുന്ന രീതിയിലാണ് തയ്യാറാക്കിയിരിക്കുന്നത്. ഈ മാസത്തിലെ നാല് ആഴ്ചകളിൽ നാലു തലങ്ങളിലുള്ള മിഷൻപ്രവർത്തനങ്ങളെ അവതരിപ്പിക്കുന്നു.

ഒക്ടോബർ മാസത്തിലെ ആദ്യ ആഴ്ചയിൽ ആഗോള മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് അറിയുന്നതിനും അവയെ പരിചയപ്പെടുത്തുന്നതിനും പരിശ്രമിക്കുമ്പോൾ രണ്ടാമത്തെ ആഴ്ചയിൽ സീറോമലബാർ സഭയുടെ മിഷൻ പ്രവർത്തനങ്ങളെ പഠിക്കുന്നതിനും അവയിൽ പങ്കാളികളാകാനുള്ള മാർഗങ്ങൾ കണ്ടെത്തുന്നതിനും പ്രാധാന്യം നല്കണം. മൂന്നാമത്തെ ആഴ്ചയിൽ അതാതു രൂപതകൾ ഏറ്റെടുത്തിരിക്കുന്ന മിഷൻ പ്രവർത്തനങ്ങളെ പരിചയപ്പെടുകയും അവയിൽ സഹകരിക്കുകയുംവേണം. നാലാമത്തെ ആഴ്ചയിൽ ഓരോ ഇടവകയുടെയും വിശ്വാസിയുടെയും പ്രേഷിത ദൗത്യം തിരിച്ചറിയുന്നതിനും വിവിധ മിഷൻ പ്രവർത്തനങ്ങളെ ഇടവകാതലത്തിൽ ഏകോപിപ്പിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കണം.

അതോടൊപ്പം, മിഷൻ മാസം മുഴുവനും ഇടവകകളിലും കുടുംബ യൂണിറ്റുകളിലും കുടുംബങ്ങളിലും മിഷനുവേണ്ടി പ്രത്യേകം പ്രാർഥിക്കണം. ജപമാലയിലും വിശുദ്ധ കുർബാനയിലെ പ്രാർഥനകളിലും ലോകമെങ്ങും സേവനം ചെയ്യുന്ന മിഷണറിമാരെയും വിശ്വാസത്തെപ്രതി പീഡനവും മരണവും ഏറ്റുവാങ്ങുന്നവരെയും പ്രത്യേകം അനുസ്മരിക്കണം. ഞായറാഴ്ചകളിലെ വചന പ്രഘോഷണം, വിശ്വാസ പരിശീലന ക്ലാസുകൾ, മിഷൻ അനുഭവങ്ങളുടെ പങ്കുവയ്ക്കൽ, 'മിഷൻ കുസ്റ്റ്' ക്വിസ്മത്സരം, മിഷൻ സ്കിറ്റുകൾ, ഹ്രസ്വ ചിത്രങ്ങൾ എന്നിവ കുട്ടികളിലും യുവജനങ്ങളിലും മുതിർന്നവരിലും മിഷൻ ചൈതന്യം വളർത്താൻ ഉതകുന്നരീതിയിൽ ക്രമീകരിക്കണം. പ്രത്യേകിച്ചു നവസുവിശേഷവത്കരണ സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന അല്മായരെ രൂപതാതലത്തിൽ കണ്ടെത്തി ഏകോപിപ്പിക്കുകയും മിഷൻ പ്രവർത്തകരെ പ്രോത്സാഹിപ്പിക്കുകയും ആദരിക്കുകയും ചെയ്യുന്നത് വളരെ മാതൃകാപരമാണ്.

നമ്മുടെ സഭയിൽ 'ജീവൻ ജ്യോതി' എന്ന പേരിൽ ഒരു ഔദ്യോഗിക അല്മായ പ്രേഷിത മുന്നേറ്റം ആരംഭിച്ചകാര്യം നേരത്തെ എഴുതിയിരുന്നല്ലോ. ജീവൻ ജ്യോതിയെ നമ്മുടെ എല്ലാ രൂപതകളിലും സാഹചര്യ മനുസരിച്ചു ഇടവകകളിലും പ്രവർത്തന ക്ഷമമാക്കണം. മിഷൻ മാസത്തിൽ സുവിശേഷ പ്രഘോഷണ രംഗത്തു പ്രവർത്തിക്കുന്ന അല്മായ പ്രേഷിതരെ ഒരുമിച്ചു കൂട്ടി ജീവൻ ജ്യോതി യുടെ പ്രവർത്തനങ്ങൾക്കു തുടക്കം കുറിക്കുന്നത് ഉചിതമായിരിക്കും. ജീവൻ ജ്യോതി ശക്തിപ്പെടുത്തുന്നതുവഴി സഭയിൽ പുതിയൊരു മിഷനറി ദിശാബോധം വളരാനും വളത്താനും ഇടയാക്കുമെന്നു പ്രത്യാശിക്കുന്നു.

മിഷൻ മാസാചരണത്തിന്റെ ഉത്തരവാദിത്വം ഏല്പിച്ചിരിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിൽ നിന്ന് ഈ മാസാചരണത്തെക്കുറിച്ചുള്ള കൂടുതൽ പ്രായോഗിക കർമ പദ്ധതികളും നിർദ്ദേശങ്ങളും ലഭിക്കുന്നതായിരിക്കും. അവയനുസരിച്ചു നമ്മുടെ മിഷൻ മാസാചരണം എല്ലാവരുടെയും പങ്കാളിത്തവും സഹകരണവും ഉറപ്പാക്കി ഊർജസ്വലവും ഫലപ്രദവുമാക്കിത്തീർക്കണമെന്ന് അഭ്യർഥിക്കുന്നു.

പ്രിയമക്കളേ, സഭയുടെ ആത്മാവാണ് സുവിശേഷ പ്രഘോഷണവും പ്രേഷിതപ്രവർത്തനങ്ങളും. ഈശോയുടെ സുവിശേഷം ലോകത്തിന്റെ അതിർത്തികളോളം എത്തിക്കേണ്ടത് നമ്മുടെ കടമയാണ്. ഇടവകകളും രൂപതകളും സെമിനാരികളും സമർപ്പിത സമൂഹങ്ങളും മാത്രമല്ല, മാമോദിസ സ്വീകരിച്ച ഓരോ വിശ്വാസിയും തങ്ങളുടെ മിഷനറി സ്വഭാവം തിരിച്ചറിയണം. ഭാരതത്തിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും നമ്മുടെ സഭ നിർവഹിക്കുന്ന മിഷൻ പ്രവർത്തനങ്ങളെ കൂടുതൽ അറിയാനും അവയ്ക്കുവേണ്ടി പ്രാർഥിക്കാനും അവയിൽ പങ്കുചേരാനും ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. നമ്മുടെ സമയവും കഴിവുകളും സമ്പത്തും ഉദാരമായി പങ്കുവയ്ക്കുമ്പോൾ സഭയു ടെ സുവിശേഷ ദൗത്യം കൂടുതൽ ശക്തവും സജീവവുമാകും. അങ്ങനെ ഈശോമിശിഹായിൽനിന്നു നമുക്കുലഭിച്ച സ്നേഹവും അനുഗ്രഹങ്ങളും മറ്റുള്ളവരുടെ ജീവിതത്തിൽ പ്രകാശമായിമാറുകയും ചെയ്യും. കർത്താവിന്റെ രക്ഷാകര സംഭവത്തിന്റെ 2033ലെ മഹാജൂബിലിക്കായി ഒരുങ്ങുന്ന നമ്മുടെ സഭയിൽ മിഷൻ മാസാചരണം പുതിയൊരു പ്രേഷിതഉണർവിനു വഴിതെളിക്കട്ടെ!

ആദ്യമിഷണറിയായ പരിശുദ്ധ അമ്മയും രക്തസാക്ഷികളും മിഷനറിമാരുമായ അപ്പസ്തോലന്മാരും സകല വിശുദ്ധരും ഈ മിഷനറി യാത്രയിൽ നമുക്കു മാർഗ്ഗദീപമകട്ടെ! പ്രാർഥനയോടെ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു. ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചു ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2026 ാം ആണ്ട് സെപ്റ്റംബർ മാസം 10ാം തീയതി നല്കപ്പെട്ടത്.

✠ **റാഫേൽ തട്ടിൽ**

സീറോ മലബാർ സഭയുടെ മേജർ ആർച്ചു ബിഷപ്

---

ഈ സർക്കുലർ 2026 സെപ്റ്റംബർ 20-ാം തീയതി ഞായറാഴ്ച സീറോ മലബാർ സഭയിലെ എല്ലാ ഇടവക പള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിത ഭവനങ്ങളിലും പരിശീലന കേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

Prot. No. 0572/2026

# സിനഡനന്തര സർക്കുലർ

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

സീറോമലബാർ സഭയുടെ മുപ്പത്തിനാലാമതു സിനഡിന്റെ രണ്ടാം സമ്മേളനം 2026 ആഗസ്റ്റ് 17 മുതൽ 28 വരെ സഭയുടെ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. സഭയുടെ വിശ്വാസജീവിതത്തെയും അജപാലന പ്രവർത്തനങ്ങളെയും കാലഘട്ടത്തിന്റെ വെല്ലുവിളികളോടു കൂടുതൽ ഫലപ്രദമായി പ്രതികരി ക്കുന്ന വിധത്തിൽ നവീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനു മുള്ള വിവിധ മാർഗങ്ങൾ സിനഡിൽ വിശദമായി ചർച്ചചെയ്തു. പ്രാർഥനയ്ക്കും സാഹോദര്യത്തിനും സഭയുടെ കൂട്ടായ്മയ്ക്കും ഊന്നൽ നല്കി നടന്ന ഈ സിനഡ്, പരിശുദ്ധാത്മാവിന്റെ കൃപയിൽ മെത്രാന്മാർ ഒരുമിച്ചു ദൈവ ഹിതം അന്വേഷിച്ച അനുഗ്രഹപ്രദമായ ദിവസങ്ങളായിരുന്നു. സിനഡുസമ്മേളനത്തിന്റെ വിജയത്തിനായി പ്രാർഥിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

**സഭാസമൂഹത്തിന്റെ ശക്തീകരണം**

2024ൽ പാലായിൽ നടന്ന സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ തുടർച്ചയായി നാം സമുദായ ശക്തീകരണവർഷം ആചരിച്ചുവരികയാണല്ലോ. ആനുകാലിക ലോകത്തിന്റെ വിവിധ വെല്ലുവിളികളെ നേരിടാൻ സഭാംഗങ്ങളുടെ ആത്മീയവും സാമൂഹികവുമായ ശക്തീകരണം അനിവാര്യമാണെന്ന ബോധ്യമാണ് ഈ വർഷാച രണത്തിലേക്കു നമ്മെ നയിച്ചത്. വിവിധ രാജ്യങ്ങളിൽ ചിതറിപ്പാർക്കുന്ന സമുദായാംഗങ്ങളെ ഒരു വിശ്വാസി സമൂഹമായി നിലനിറുത്തുന്നതു സഭയോടുള്ള ബന്ധവും സഭാംഗങ്ങളായിരിക്കുന്നതിലുള്ള അഭിമാനബോധവുമാണ്.

ജനസംഖ്യാശോഷണം, സഭാത്മകബോധത്തിന്റെ കുറവ്, കൃഷി വ്യാപാര മേഖലകളോടുള്ള പുതുതലമുറയുടെ താല്പ

ര്യക്കുറവ്, സമൂഹത്തിന്റെ മുഖ്യധാരകളിലെ നമ്മുടെ അസാന്നിധ്യം തുടങ്ങിയവ നമ്മുടെ സമൂഹം നേരിടുന്ന പ്രധാന വെല്ലുവിളികളാണ്. ഈ വെല്ലുവിളികൾ നമ്മെ ഭയപ്പെടുത്തുന്നതിനുപകരം പുതിയ പ്രവർത്തനശൈലികൾ കണ്ടെത്തുന്നതിനുള്ള പ്രചോദനമായി മാറണം. രക്ഷകനും നാഥനുമായ ഈശോമിശിഹായുടെ തിരഞ്ഞെടുക്കപ്പെട്ട ജനം എന്നനിലയിൽ, ആത്മീയബോധ്യങ്ങളിൽ ആഴപ്പെട്ടു കൂടുതൽ കരുത്തോടെ സുവിശേഷത്തിന്റെ സാക്ഷികളാകാനാണു നാം ശ്രമിക്കേണ്ടത്. അതോടൊപ്പം, ഇളംതലമുറയെ വിശ്വാസത്തിലും സഭാവബോധത്തിലും ഉറപ്പിക്കാനും അവരുടെ കഴിവുകളും വിഭവശേഷിയും വളർത്തിയെടുക്കാനുമുള്ള പരിശ്രമങ്ങൾ കൂടുതൽ തീക്ഷ്ണമായി നടത്തേതുണ്ട്. സമുദായശക്തീകരണവർഷത്തിൽ നമ്മുടെ രൂപതകളിൽ ആരംഭിച്ചിരിക്കുന്ന വിവിധ പ്രവർത്തനങ്ങൾ സഭയെയും സമുദായത്തെയും ബലപ്പെടുത്തുമെന്നു സിനഡു വിലയിരുത്തി. ഇതിനായി നിസ്വാർഥമായി അധ്വാനിക്കുന്ന എല്ലാവരെയും ഞാൻ അഭിനന്ദിക്കുന്നു.

**ആഴപ്പെടേണ്ട വിശ്വാസജീവിതം**

കുടുംബങ്ങളുടെയും യുവജനങ്ങളുടെയും കുട്ടികളുടെയും വിശ്വാസരൂപീകരണവും വിശ്വാസ ശക്തീകരണവും സഭയുടെ കരുതലിന്റെ ഭാഗമാണ്. ലോകമെമ്പാടും സീറോമലബാർ സഭ വളർന്നതിന്റെ പിന്നിൽ പ്രവാസികളുടെ വിശ്വാസതീക്ഷ്ണത പ്രധാനപ്പെട്ടഘടകമായിരുന്നുവെന്നതു നിസ്തർക്കമാണ്. തങ്ങളുടെ പൂർവികരുടെ അതേ വിശ്വാസതീക്ഷ്ണ തയോടെ മക്കളെ വളർത്താൻ പുതിയ തലമുറയിലെ ഭൂരിപക്ഷം മാതാപിതാക്കളും പരിശ്രമിക്കുന്നുവെന്നതു നമുക്ക് അഭിമാനകരമാണ്. എന്നാൽ, ഇന്ന് അനുദിന ജീവിതത്തിന്റെ അവിഭാജ്യഘടകമായി മാറിയിരിക്കുന്ന ഡിജിറ്റൽ സങ്കേതങ്ങളാൽ പ്രത്യേകിച്ച്, സമൂഹ മാധ്യമങ്ങളാൽ സ്വാധീനിക്കപ്പെടുന്നവരിൽ പ്രകടമായിക്കൊണ്ടിരിക്കുന്ന സാംസ്കാരിക നിരീശ്വരത്വത്തിന്റെ സ്വാധീനം അനുദിനം വർധിതമാകുന്ന ഈ കാലഘട്ടത്തിൽ, നമ്മുടെ കുടുംബങ്ങളുടെ വിശ്വാസപരിശീലനം ഏറെ പ്രാധാന്യമർഹിക്കുന്നു. ഏകരക്ഷകനായ ഈശോമിശിഹായെക്കുറിച്ചും മിശിഹായുടെ മൗതികശരീരമായ സഭയെക്കുറിച്ചുമുള്ള ബോധ്യങ്ങൾ വിശ്വാസജീവിതത്തിൽ നിരന്തരം ആഴപ്പെടുത്തേണ്ടതുണ്ട്. വിശ്വാസതീക്ഷ്ണതയിൽ കുടുംബങ്ങളെയും യുവജനങ്ങളെയും കുട്ടികളെയും കാലത്തിനൊത്തു വളർത്താൻ ഉതകുന്നരീതിയിൽ അജപാലനപ്രവർത്തനങ്ങൾ

ക്രമീകരിക്കാൻ എല്ലാവരോടും അഭ്യർഥിക്കുന്നു. മൂല്യശോഷണം, വ്യക്തിവാദം, സാമ്പത്തിക സമ്മർദങ്ങൾ, തലമുറകൾ തമ്മിലുള്ള അകലം, ഡിജിറ്റൽ സംസ്കാരത്തിന്റെ സ്വാധീനം തുടങ്ങിയ നിരവധി വെല്ലു വിളികളെ നമ്മുടെ കുടുംബങ്ങൾ അഭിമുഖീകരിക്കുന്ന സാഹചര്യത്തിൽ, കുടുംബജീവിതത്തിലേക്കുള്ള ദൈവവിളിയെ വിലമതിക്കാനും വിവാഹമെന്ന കൂദാശയുടെ കൃപകൾ സ്വീകരിക്കാനും യുവജനങ്ങളെ സജ്ജരാക്കേണ്ടതുണ്ട്. അതോടൊപ്പംതന്നെ കുടുംബങ്ങളെയും സമൂഹത്തെയും തകർക്കുന്ന മദ്യം, മയക്കുമരുന്നു തുടങ്ങിയ സാമൂഹിക തിന്മകൾക്കെതിരെയുള്ള പോരാട്ടവും ബോധവത്ക്കരണവും നാം കൂടുതൽ ശക്തിപ്പെടുത്തേിയിരിക്കുന്നു.

**പ്രേഷിതപ്രവർത്തനത്തിനു നവോന്മേഷം**

ഭാരതംമുഴുവൻ അജപാലനശുശ്രൂഷയും സുവിശേഷപ്രഘോഷണവും നടത്താനുള്ള സാധ്യത ലഭിച്ചതുമുതൽ, ഏറെ പരിമിതികൾക്കുള്ളിൽനിന്നുകൊണ്ടുതന്നെ സുവിശേഷവത്ക്കരണപ്രവർത്തനങ്ങൾ സീറോമലബാർ സഭ നടത്തിവരുന്നു. "ക്രൈസ്തവൻ ആയിരിക്കുക എന്നാൽ സുവിശേഷകൻ ആയിരിക്കുക എന്നുകൂടിയാണ്" (CCC 900) എന്ന ബോധ്യം നമുക്കുണ്ടാകണം. "നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രഘോഷിക്കുവിൻ"(മർക്കോ.16:15) എന്ന കല്പന ലഭിച്ചവരായതുകൊണ്ടു, സുവിശേഷപ്രഘോഷണം നമ്മുടെ വിശ്വാസജീവിതത്തിന്റെ അവിഭാജ്യ ഭാഗമാണ്. ഇന്ത്യൻ ഭരണഘടനയുടെ 25ാം അനുച്ഛേദത്തിലൂടെ ഏതു മതത്തിലും വിശ്വസിക്കാനും വിശ്വാസം ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള അവകാശം ഉറപ്പുനല്കിയിട്ടുണ്ടല്ലോ. നമ്മുടെ വിശ്വാസത്തിൽനിന്നു ഉടലെടുക്കുകയും എന്നാൽ മതവിശ്വാസങ്ങൾക്കതീതമായി എല്ലാവരെയും ആശ്ലേഷിക്കുന്നതുമാണു സഭയുടെ സേവനമേഖലകൾ. എന്നാൽ, നിർബന്ധിത മതപരിവർത്തനം എന്ന ആരോപണം ഉന്നയിച്ചു നമ്മുടെ വിശ്വാസ ജീവിതത്തെയും ജീവകാരുണ്യവിദ്യാഭ്യാസ ശുശ്രൂഷകളെയും തടസ്സപ്പെടുത്തുന്ന പ്രവണതകൾ ഇന്ത്യയുടെ മതേതരസ്വഭാവത്തിനു യോജിച്ചതല്ല എന്നും നാം തിരിച്ചറിയേണ്ടതുണ്ട്.

2024ലെ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ നിർദേശപ്രകാരം 'ജീവൻജ്യോതി' എന്ന പേരിൽ അല്മായ പ്രേഷിതമുന്നേറ്റത്തിനു സഭാതലത്തിൽ തുടക്കം കുറിച്ചിട്ടുണ്ട്. 2033 ലെ രക്ഷാകരസംഭവത്തിന്റെ മഹാജൂബിലി ലക്ഷ്യമാക്കി സഭയുടെ

പ്രേഷിതദൗത്യത്തിനു പുതിയ ഉണർവുനല്കുന്ന പദ്ധതിയാണു ജീവൻജ്യോതി വിഭാവനംചെയ്യുന്നത്. ഈ മുന്നേറ്റത്തിന്റെ ഭാഗമായി ഓരോ രൂപതയിലും പ്രേഷിതപ്രവർത്തനങ്ങൾ ആരംഭിക്കാനും ശക്തിപ്പെടുത്താനും ആഹ്വാനംചെയ്യുന്നു. വളരെ ദുർഘടമായ സാഹചര്യങ്ങളിലും ഈശോയ്ക്കു സാക്ഷ്യംവഹിക്കുന്ന മിഷനറിമാരെ സഭ ഏറെ വാത്സല്യപൂർവം അഭിവാദനംചെയ്യുന്നു.

**പരിഹാരം കാണേണ്ട ജീവിതപ്രശ്നങ്ങൾ**

കേരളത്തിൽനിന്നുള്ള ഏതാനും പാർലമെന്റ്, നിയമസഭാസാമാജികരുമായി സംവദിച്ചു സഭയും സമൂഹവും നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരസ്പരം ശ്രദ്ധയിൽപ്പെടുത്താനും പരിഹാരങ്ങൾ അന്വേഷിക്കാനും സിനഡുപിതാക്കന്മാർക്ക് അവസരം ലഭിച്ചു. ആവശ്യമായ കൂടിയാലോചനകൾക്കു ശേഷം ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് സമയബന്ധിതമായി നടപ്പാക്കണമെന്നും അധ്യാപകനിയമനപ്രതിസന്ധിയുൾപ്പെടെ വിദ്യാഭ്യാസ മേഖല നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾക്കും വർഷങ്ങളായി തീരുമാനമാകാതെ നീളുന്ന പരിസ്ഥിതിലോലമേഖലകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്കും ശാശ്വതമായ പരിഹാരം കണ്ടെത്തണമെന്നുള്ള ആവശ്യങ്ങൾ ജനപ്രതിനിധികളുടെമുൻപിൽ അവതരിപ്പിച്ചു. അതോടൊപ്പം, നിയമവിധേയമായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സാമൂഹിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചേക്കാവുന്ന നിയമനിർമാണങ്ങൾ അവതരിപ്പിക്കപ്പെടുന്നതിലുള്ള ആശങ്കയും പങ്കുവച്ചു. രാജ്യത്തെ നിയമങ്ങളും ഭരണഘടനാപരമായ അവകാശങ്ങളും മാനിച്ചു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന നിയമവ്യവസ്ഥകൾ രൂപപ്പെടുന്നത് ഏറെ ഉൽകണ്ഠാജനകമാണ്. അതേസമയം, ദുർഘടമായ പാതകളിലൂടെ സഞ്ചരിച്ചുകൊണ്ടാണു സഭ എന്നും ലോകത്തിന്റെ പ്രകാശമായി നിലകൊണ്ടിട്ടുള്ളതെന്നു നാം മറക്കരുത്. പ്രതിസന്ധികളെ അതിജീവിച്ചു സത്യത്തിനും നീതിക്കും മനുഷ്യന്റെ അന്തസ്സിനുംവേണ്ടി ശബ്ദമുയർത്തിക്കൊണ്ടു സമൂഹത്തിന്റെ നന്മയ്ക്കായുള്ള സഭയുടെ ദൗത്യം കൂടുതൽ ശക്തമായി നമുക്കു തുടരാം.

**കൂട്ടായ്മ നമ്മുടെ ഉത്തരവാദിത്വം**

പ്രതിസന്ധികളും വെല്ലുവിളികളും ഉണ്ടെങ്കിലും, "സ്വർഗത്തിലും ഭൂമിയിലുമുള്ള സർവ അധികാരവും നല്കപ്പെട്ടിരിക്കുന്ന" (മത്താ.28:18) നമ്മുടെ കർത്താവിലാണു നമ്മുടെ

പ്രത്യാശ. 'കർത്താവു കൂടെനടക്കുന്ന ജനമെന്ന' നിലയിൽ (പുറ. 33:14) കൂടുതൽ കരുത്തോടെ മുന്നോട്ടു പോകേണ്ടവരാണ് നാം. നമ്മുടെ സഭയുടെ ഒരുമിച്ചുള്ള യാത്രയിൽ വലിയൊരു ചുവടുവയ്പായിരുന്നു അൾത്താരയിലെ ഐക്യം. വ്യത്യസ്തമായ കുർബാന അർപ്പണരീതികൾ നമ്മുടെ സഭയുടെ ഐക്യബോധത്തെ സാരമായി ബാധിച്ചുവെന്ന തിരിച്ചറിവിലാണു 1999 മുതൽ ഐക്യശ്രമങ്ങൾ ആരംഭിച്ചത്. അതു പൂർണമായി നടപ്പിൽ വരുത്താൻ സാധിക്കാത്തതു ദുഃഖകരമാണ്. എന്നാൽ വാക്കുകൾകൊണ്ടു പരസ്പരം മുറി പ്പെടുത്തി ഒരിക്കലും ഐക്യം സാധ്യമാക്കാനാവില്ലെന്നു നാം തിരിച്ചറിയണം. പരിശുദ്ധ പിതാവു ലെയോ പതിനാലാമൻ മാർപാപ്പാ ആഹ്വാനംചെയ്തതുപോലെ, "നമ്മുടെ വാക്കുകൾ നിരായുധീകരിക്കാം; അങ്ങനെ ലോകത്തെ നിരായുധീകരിക്കാൻ നമുക്കു സഹായിക്കാം. അതിനാൽ ഉപയോഗിക്കുന്ന വാക്കുകൾ, നമുക്കുള്ള മുൻവിധികൾ, അവയിൽ ഒളിഞ്ഞുകിടക്കുന്നതോ പ്രകടമായതോ ആയ ആക്രമണോത്സുകത എന്നിവയെ ക്കുറിച്ചു നാമെല്ലാവരും ആത്മശോധന ചെയ്യേണ്ടതുണ്ട്" (മാനവമഹത്വം, 214).

നിരന്തരമായ പ്രാർഥനയും വ്യക്തിപരമായ മാനസാന്തരവും പരസ്പരമുള്ള അനുരഞ്ജനവും മാത്രമേ ശാശ്വതമായ സമാധാനത്തിലേക്കു നയിക്കൂ. 'നീതിയില്ലാതെ സമാധാനം നില നില്ക്കുകയില്ല' എന്ന സത്യം അംഗീകരിക്കുമ്പോഴും കോടതിവ്യവഹാരങ്ങളിലൂടെയല്ല സഭയിൽ സമാധാനം നേടേണ്ടതെന്നു എല്ലാവരും തിരിച്ചറിയണം. ജയപരാജയങ്ങളിലല്ല, ക്രൂശിതന്റെ വിധേയത്വത്തിലൂടെയാണു രക്ഷ കൈവരുന്നത്. ദൈവകൃപയിൽ ആശ്രയിച്ചുകൊണ്ടു അഭിവന്ദ്യ പിതാക്കന്മാരുടെ നിർദേശങ്ങൾ സ്വീകരിച്ച് ഐക്യത്തിന്റെ സന്ദേശ വാഹകരാകാൻ നമുക്കു ശ്രമിക്കാം. "ദൈവകൃപ സംഘർഷങ്ങളെ അത്ഭുതകരമായി ഒറ്റയടിക്ക് ഇല്ലാതാക്കുന്നില്ല; മറിച്ച്, അത് തിന്മയ് ക്കെതിരെയുള്ള സജീവമായ പ്രതിരോധ ത്തിനും തിന്മയെ മിറകടക്കുന്നതിലെ അത്ഭുതകരമായ സർഗാത്മകതയ്ക്കും പ്രചോദന മേകുന്നു" (മാനവമഹത്വം, 211) എന്ന പരിശുദ്ധ പിതാവു ലെയോ മാർപാപ്പയുടെ പ്രബോധനം ഏറെ പ്രസക്തമാണ്. നന്മയുടെ പുതിയ മാനങ്ങൾ തേടിക്കൊണ്ടു പരിമിതി കളെ മറികടക്കാൻ നമുക്കു പരിശ്രമിക്കാം.

**കാലാനുസൃതമായ പുരോഹിതപരിശീലനം**

പൗരോഹിത്യ ദൈവവിളികളാൽ സഭയെ സമ്പന്നമാക്കുന്ന

സർവശക്തനായ ദൈവത്തിനു നമുക്കു നന്ദിപറയാം. ആധുനിക ലോകത്തിൽ വൈദികർ അഭിമുഖീകരിക്കുന്ന വിവിധ വെല്ലുവിളികൾ സിനഡു ചർച്ചയ്ക്കു വിഷയമാക്കുകയും ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനു വൈദികർക്കുവേണ്ടിയുള്ള കമ്മീഷനെ ചുമതലപ്പെടുത്തുകയുംചെയ്തു. വൈദികവിദ്യാർഥികളുടെ പരിശീലനം കാലത്തിനനുസൃതമായി പരിഷ്കരിക്കുന്നതിനു തയ്യാറാക്കിയ പാഠ്യപദ്ധതി മൈനർ സെമിനാരി മുതൽ ആരംഭിച്ചു വെന്നതു സന്തോഷകരമാണ്. വിശ്വാസ തീക്ഷ്ണതയാൽ നിറഞ്ഞു സഭയുടെ മനുഷ്യരായി മിശിഹായ്ക്കു സാക്ഷ്യംനല്കാൻ വൈദികർക്കു സാധിക്കുമ്പോഴാണു ലോകത്തിന്റെ അതിർത്തികൾവരെ സുവിശേഷം വ്യാപിക്കുന്നത്.

സമർപ്പിത ജീവിതത്തിലേക്കുള്ള ദൈവവിളികളെക്കുറിച്ചും സഭ ദൈവത്തിനു നന്ദി പറയുന്നു. സമർപ്പിത സമൂഹങ്ങളിലൂടെ എത്രമാത്രം അനുഗ്രഹങ്ങളാണു ദൈവം നമുക്കു ചൊരിയുന്നത്. കാരുണ്യ വിദ്യാഭ്യാസമേഖലകളിലും പ്രേഷിതപ്രവർത്തനങ്ങളിലും ത്യാഗ നിർഭരമായി ശുശ്രൂഷചെയ്യുന്ന സമർപ്പിതർ സുവിശേഷത്തിന്റെ സൗരഭ്യം ലോകത്തിൽ പ്രസരിപ്പിക്കുന്നവരാണ്. അതിനാൽത്തന്നെ സമർപ്പിത ജീവിതത്തിലേക്കുള്ള ദൈവവിളികളെ പ്രോത്സാഹിപ്പിക്കുകയും പ്രാർഥിക്കുകയും ചെയ്യേണ്ടതുണ്ട്. സിനഡു സമ്മേളനത്തിന്റെ ഭാഗമായി സമർപ്പിത സമൂഹങ്ങളുടെ മേജർ സുപ്പീരിയർ മാരുമായി നടത്തിയ കൂടിക്കാഴ്ച വളരെ ഫലപ്രദമായിരുന്നു.

**സീറോമലബാർ ഹെറിറ്റേജ് ആൻഡ് റിസർച്ച് സെന്റർ**

സീറോമലബാർസഭയുടെ പുരാതനവും സമ്പന്നവുമായ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും പഠിപ്പിക്കുന്നതിനും ഗവേഷണങ്ങൾ നടത്തുന്നതിനും സഹായിക്കുന്ന ഹെറിറ്റേജ് ആൻഡ് റിസർച്ച് സെന്റർ പൊതുസമൂഹത്തിനായി തുറന്നുകൊടുക്കാൻ നമുക്കു കഴിഞ്ഞു. ഈ കേന്ദ്രത്തിൽ സജ്ജീകരിച്ചിരിക്കുന്ന സെന്റ് തോമസ് ഹെറിറ്റേജ് മ്യൂസിയം കേരളത്തിലേതന്നെ പ്രധാനപ്പെട്ട ക്രിസ്ത്യൻ മ്യൂസിയങ്ങളിലൊന്നാണ്. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സ്ഥാപിച്ചിരിക്കുന്ന ഈ പൈതൃകകേന്ദ്രവും മ്യൂസിയവും സന്ദർശിക്കാൻ ഏവരെയും സ്നേഹപൂർവം സ്വാഗതംചെയ്യുന്നു.

**കോട്ടയം അതിരൂപതയ്ക്കു സഹായമെത്രാൻ**

കോട്ടയം അതിരൂപതയുടെ സഹായമെത്രാനായി പെരിയ ബഹുമാനപ്പെട്ട ആനിമൂട്ടിൽ തോമസച്ചനെ നിയമിച്ചതു സീറോമലബ

ാർസഭയ്ക്കാകെ ഏറെ സന്തോഷകരമായ കാര്യമാണ്. ബഹുമാന പ്പെട്ട തോമസ് അച്ചന് എല്ലാവിധ ദൈവാനുഗ്രഹങ്ങളും ലഭിക്കട്ടെ യെന്നു പ്രാർഥിക്കുകയും അദ്ദേഹത്തിന്റെ ശുശ്രൂഷകൾക്കു ആശ ംസകളും ഭാവുകങ്ങളും നേരുകയുംചെയ്യുന്നു.

പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

ദൈവികപരിപാലനയിൽ നടന്ന ഈ സിനഡ്, നമ്മുടെ സഭയെ ദൈവഹിതത്തിന് അനുസൃതമായി രൂപപ്പെടുത്തുന്നതിനുള്ള പുതിയ ഉത്തരവാദിത്വബോധമാണ് നമ്മിൽ ഉണർത്തുന്നത്. പ്രതിസന്ധികളി ൽ തളരാതെ, വെല്ലുവിളികളിൽ പതറാതെ, കർത്താവിൽ പ്രത്യാശയ ർപ്പിച്ചു വിശ്വാസത്തിലും കൂട്ടായ്മയിലും പ്രേഷിത തീക്ഷ്ണതയിലും നമുക്കു മുന്നേറാം.

കേരളത്തിൽ മൺസൂൺ മഴയെത്തുടർന്നുണ്ടായ ദുരന്തങ്ങളി ൽ ദുരിതമനുഭവിക്കുന്ന വരുടെ കുടുംബങ്ങളോടുള്ള നമ്മുടെ സഭയു ടെ ഹൃദയപൂർവമായ ഐക്യദാർഢ്യം രേഖപ്പെടുത്തുന്നു. അതോടൊ ടാപ്പം, നേപ്പാളിൽ സംഭവിച്ച ദാരുണമായ പ്രകൃതി ദുരന്തത്തിൽ പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ടവരുടെ വേദനയിൽ പങ്കുചേരുകയും വീടും ഉപജീവന മാർഗങ്ങളും ഇല്ലാതായവർക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നു.

പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ തോമാശ്ലീഹായുടെയും നമ്മുടെ സഭയിലെ എല്ലാ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെ യും മാധ്യസ്ഥ്യംതേടിക്കൊണ്ടു, നമ്മുടെ സഭയെയും കുടുംബങ്ങളെ യും കർത്താവിന്റെ കരങ്ങളിൽ സമർപ്പിക്കാം. പരിശുദ്ധാത്മാവു നമ്മുടെ യാത്ര നയിക്കുകയും മിശിഹായിൽ ഒന്നായ ഒരു സഭയായി കൂടുതൽ ശക്തിയോടെ സുവിശേഷത്തിനു സാക്ഷ്യംവഹിക്കാൻ ന മ്മെ അനുഗ്രഹിക്കുകയും ചെയ്യട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷ പ്പിന്റെ കാര്യാലയത്തിൽ നിന്നു 2026ാം ആണ്ട് ആഗസ്റ്റ് മാസം 28ാം തീയതി നല്കപ്പെട്ടത്.

✠ **റാഫേൽ തട്ടിൽ**

സീറോ മലബാർ സഭയുടെ മേജർ ആർച്ചു ബിഷപ്

---

ഈ സർക്കുലർ 2026 സെപ്റ്റംബർ 6-ാം തീയതി ഞായറാഴ്ച സീറോ മലബാർ സഭയിലെ എല്ലാ ഇടവകപള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിത ഭവനങ്ങളിലും പരിശീലന കേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാന മധ്യേ വായിക്കേണ്ടതാണ്.

# രൂപതാകാര്യാലയം

◆ **Pope's Monthly Intention for October- 2026**

For Mental Health Ministry.

Let us pray that the mental health ministry be established throughout the Church, helping to overcome the stigma and discrimination of persons with mental illnesses.

◆ **Let us Pray for Rev. Fathers :**

**Birth Day : October**

| | | |
|---|---|---|
| Rev. Fr. Vettamthadathil Mathew | - | 11 |
| Rev. Fr. Valiaparambil Jose | - | 21 |
| Rev. Fr. Veluthedathparambil Mani | - | 23 |
| Rev. Fr. Poovathingal Devasya | - | 25 |

**Feast Day : October**

| | | |
|---|---|---|
| Rev. Fr. Odampally Francis | - | 04 |
| Rev. Fr. Patteril Abraham | - | 09 |
| Rev. Fr. Vadakkemuriyil Abraham CMI | - | 09 |
| Rev. Fr. Kandathinkara Abraham CMI | - | 09 |

◆ **പ്രാർത്ഥനാംശംസകൾ**

ക്ലരിഷ്യൻ സന്യാസ സമൂഹത്തിന്റെ ബെംഗളൂറു പ്രൊവിൻസിന്റെ പുതിയ പ്രൊവിൻഷ്യൽ സുപ്പീരിയറായി തിരഞ്ഞെടുക്കപ്പെട്ട പെരിയ ബഹു. കണ്ണന്താനം ജോർജ്ജ് സി.എം.എഫ്. അച്ചനും ടീം അംഗങ്ങൾക്കും പ്രാർത്ഥനാശംസകൾ.

♣ **ആദരാഞ്ജലികൾ :**

ശ്രീമതി ചിന്നമ്മ വാഴയിൽ (56) : ബഹുമാനപ്പെട്ട സി. ടെസാ എസ്. എച്ച്. ന്റെ മാതാവ് ശ്രീമതി ചിന്നമ്മ വാഴയിൽ 2026 സെപ്റ്റംബർ 24-ാം തീയതി നിര്യാതയായി. മൃതസംസ്ക്കാരം സെപ്റ്റംബർ 25-ന് നെല്ല്യാഡി സെന്റ് അൽഫോൻസാ ദേവാലയ സിമിത്തേരിയിൽ

അഭി. മാർ ജെയിംസ് പിതാവിന്റെ കാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട മാതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. സി. ടെസാ എസ്. എച്ച്. നും, കുടുംബാംഗങ്ങൾക്കും രൂപതാകുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നതോടൊപ്പം പരേതയുടെ ആത്മാവിന് നിത്യ ശാന്തി നേരുകയും ചെയ്യുന്നു.

◆ **Sunday Special Collection :** Mission Sunday - 18th October 2026

**Fr. Lawrence Poonolil**
Chancellor

## Belthagandy Forane Catechetical Teachers' Seminar (27-09-2026)



# വിശ്വാസപരിശീലന രംഗം

**മിഷൻ മാസം**

ഈ ഒക്ടോബർ മാസം മിഷൻ പ്രവർത്തനങ്ങളുടെ വിജയത്തിനായി നമുക്കെല്ലാവർക്കും പ്രത്യേകം പ്രാർത്ഥിക്കാം. എല്ലാവരും സാധിക്കുന്ന രീതിയിൽ മിഷൻ പ്രവർത്തനങ്ങളെ സഹായിക്കണം.

**ക്ലാസ്സുകളുടെ ആരംഭം ഏകീകൃതരീതിയിൽ**

ബെൾത്തംഗഡി രൂപതയിലെ എല്ലാ വിശ്വാസപരിശീലന സ്കൂളുകളും ഏകീകൃത രീതിയിൽ ആരംഭിക്കുന്നതിനുവേയുള്ള നിർദേശങ്ങൾ നല്കിയിരുന്നല്ലോ. നിങ്ങൾ ആ നിർദേശങ്ങൾ മാത്രം പാലിച്ചാൽ മതിയാകും. അതോടൊപ്പം വേറൊന്നും കൂട്ടിച്ചേർക്കേണ്ടതില്ല. എല്ലാവരും ആ നിർദേശങ്ങൾ പ്രാവർത്തികമാക്കുമല്ലോ.

**ആദരിക്കുന്നു**

* കഴിഞ്ഞ പന്ത്രണ്ടുവർഷം പൂർണ്ണ ഹാജർ ഉള്ള അധ്യാപകരെ രൂപതാ തലത്തിൽ ആദരിക്കുന്നതാണ്.

* ഈ അധ്യയന വർഷത്തിൽ വിശ്വാസ പരിശീലനത്തിൽ ബെൾത്തംഗഡി രൂപതയിൽ തന്നെ 15 വർഷവും അതിനു മുകളിലും സേവനം പൂർത്തിയാക്കുന്ന അധ്യാപകരെ രൂപതാ തലത്തിൽ ആദരിക്കുന്നതാണ്. ഇതിനു മുമ്പ് അവർ രൂപതാതലത്തിൽ ആദരവു ഏറ്റുവാങ്ങിയിട്ടുകരുത്. നിലവിൽ സേവനം ചെയ്തുകൊണ്ടിരിക്കുന്ന അധ്യാപകരായിക്കണം. അങ്ങനെയുള്ളവരുടെ പേരുവിവരങ്ങൾ തന്നിരിക്കുന്ന ഫോമിൽ പൂരിപ്പിച്ച് പാസ്പോർട്ട് സൈസ് ഫോട്ടോയോടൊപ്പം ഒക്ടോബർ 26 നുള്ളിൽ ഓഫീസിൽ എത്തിക്കണം. അതിനുശേഷം വരുന്ന എൻട്രികൾ പരിഗണിക്കുന്നതല്ല.

**വാർഷിക ധ്യാനം**

അധ്യാപകരുടെ രൂപതാതല ധ്യാനം ഒക്ടോബർ 10, 11 തിയതികളിൽ കത്തീഡ്രൽ പള്ളിയിൽവച്ചായിരിക്കും നടത്തപ്പെടുക. 10 ാം തിയതി രാവിലെ 9.00 മണിക്ക് ആരംഭിച്ച് വൈകുന്നേരം 6.00 മണിക്ക് അവസാനിക്കും. താമസിക്കുന്നവർക്ക് വൈകുന്നേരം ആരാധനയും കുമ്പസാരത്തിന് സൗകര്യവും ഒരുക്കുന്നതാണ്. 11 ാം തിയതി രാവിലെ 8.30 ന് വി. കുർബാനയോടുകൂടി ആരംഭിച്ച് വൈകുന്നേരം 6.00 മണിക്ക് അവസാനിക്കും.

ധ്യാനച്ചിലവിനായി ഒരാൾക്ക് 300 രൂപ ആവശ്യപ്പെട്ടിരുന്നല്ലോ. അത് നല്കേണ്ടതില്ല. കാരണം നമ്മുടെ ഭക്ഷണച്ചിലവിന് ആവശ്യ മായ തുക ഒരു സഹോദരൻ സ്പോൺസർ ചെയ്തിട്ടുണ്ട്.

**ചോദ്യപേപ്പറുകളുടെ ഓർഡർ**

നിങ്ങൾക്ക് ആവശ്യമുള്ള ചോദ്യപേപ്പറുകളുടെ എണ്ണം ഭാഷാ അടിസ്ഥാനത്തിൽ തന്നിരിക്കുന്ന ഫോമിൽ പൂരിപ്പിച്ച് ഒക്ടോബർ 11 നുള്ളിൽ വിശ്വാസപരിശീലന ഓഫീസിൽ എത്തിക്കേണ്ടതാണ്.

**ഒന്നാം സെമസ്റ്റർ പരീക്ഷ**

ഒക്ടോബർ 25 നാണ് ഒന്നാം സെമസ്റ്റർ പരീക്ഷ നടക്കുന്നത്. പരീക്ഷ സുഗമമായി നടത്താൻ വേണ്ട എല്ലാ ക്രമീകരണങ്ങളും ഇടവകയിൽ നടത്തുമല്ലോ.

1) പരീക്ഷ നടത്തേണ്ടതിയതിയും സമയവും: ഒക്ടോബർ 25 ാം തീയതി രാവിലെ 10.00 – 12.30 മണിവരെ. ഈ തിയതിയും സമ യവും മാറ്റാൻ പാടുള്ളതല്ല.

2) 4, 7, 10. 12 എന്നീ സ്കോളർഷിപ്പ് ക്ലാസ്സുകളിലെ കുട്ടികൾക്ക് ഉത്തരക്കടലാസിന്റെ ആദ്യത്തെ ഒരു പേജ് രൂപതയിൽനിന്നും തരുന്നതായിരിക്കും. ആവശ്യമുള്ള ബാക്കി ഉത്തരകടലാസുകൾ ഇടവകയിൽനിന്നും നല്കണം.

3) സ്കോളർഷിപ്പ് ക്ലാസ്സുകളിലെ കുട്ടികളുടെ ഉത്തരക്കടലാസിന്റെ ആദ്യത്തെ പേജിൽ പൂരിപ്പിക്കേണ്ട എല്ലാ കാര്യങ്ങളും കൃത്യ മായും പൂരിപ്പിക്കണം.

4) ഫൊറോനാ വികാരി അച്ഛൻ ഫൊറോനാ തലത്തിൽ ഇൻവിജി ലേറ്ററെ (എക്സാമിനർ) നിയമിക്കേണ്ടതാണ്. ആ ലിസ്റ്റ് രൂപ താ കേന്ദ്രത്തിലേക്ക് അയച്ചുതരേണ്ടതാണ്.

5) ഇൻവിജിലേറ്റർ 9.30 മണിക്കുള്ളിൽ സ്ഥലത്ത് എത്തുകയും വികാരി അച്ഛനെ കണ്ട് വിവരം അറിയിക്കുകയും ചെയ്യണം.

6) ഇൻവിജിലേറ്ററിന്റെ യാത്രാചിലവും ഭക്ഷണവും അവർ വിസിറ്റ് ചെയ്യുന്ന ഇടവകയിൽനിന്നും നല്കണം.

7) ഇൻവിജിലേറ്റർ സ്കോളർഷിപ്പ് ക്ലാസ്സുകളിലെ കുട്ടികളുടെ ഉത്തരക്കടലാസിന്റെ ആദ്യത്തെ പേജിൽ ഒപ്പിടണം.

8) ഏറ്റവും കൂടുതൽ മാർക്കുള്ള സ്കോളർഷിപ്പ് കുട്ടികളുടെ ഉത്തരക്കടലാസുകൾ പ്രധാന അധ്യാപകന്റെ ഉത്തരവാദിത്വത്തിൽ സൂക്ഷിച്ചുവയ്ക്കണം.

9) എല്ലാ ഉത്തരകടലാസുകളിലും ഇടവകയുടെ സീൽ ഉായിരിക്കണം.

10) ഇൻവിജിലേറ്റർ ആണ് ചോദ്യകടലാസുകളുടെ പായ്ക്കറ്റ് തുറക്കേണ്ടത്.

11) ചോദ്യപേപ്പറിനോടൊപ്പം വച്ചിരിക്കുന്ന ആൻസർ കീ ഇൻവിജിലേറ്റർ എടുത്ത് സൂക്ഷിക്കേതാണ്. എഴുത്തുപരീക്ഷ കഴിഞ്ഞതിനു ശേഷം മാത്രമേ ആൻസർ കീ അധ്യാപകരെ ഏൽപ്പിക്കാവു.

12) എഴുത്തുപരീക്ഷ കഴിഞ്ഞ ഉടനെ ഓറൽ പരീക്ഷ നടത്തുക. ഓറൽ പരീക്ഷക്കുപകരം എഴുത്തു പരീക്ഷതന്നെ നടത്താവുന്നതാണ്. അത് അധ്യാപകരും വികാരി അച്ചനും കൂടി ആലോചിച്ചു ക്രമപ്പെടുത്തുക.

13) **സ്കോളർഷിപ്പ് പരീക്ഷ എഴുതുന്ന 4, 7, 10 12 എന്നീ ക്ലാസുകളിലെ കുട്ടികളുടെ പ്രത്യേകം ശ്രദ്ധക്ക്: സ്കോളർഷിപ്പിനു മത്സരിക്കുന്ന കുട്ടികൾക്ക് ഓറൽ പരീക്ഷ ഉണ്ടായിരിക്കുന്നതല്ല. അവർ ഓറൽപരീക്ഷയുടെ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം. അവരുടെ ഉത്തരകടലാസിൽ തിരുത്തലുകളോ പേന മാറ്റി എഴുതിയതോ ഉണ്ടെങ്കിൽ ആ ഉത്തരക്കടലാസ് സ്കോളർഷിപ്പിന് പരിഗണിക്കുന്നതല്ല. രൂപതയിലേക്ക് അയച്ചുതരുന്ന ഉത്തരകടലാസിൽ വികാരി അച്ചന്റെ ഒപ്പും ഇൻവിജിലേറ്ററുടെ ഒപ്പും നിർബന്ധമാണ്. എല്ലാ പേജുകളിലും ഇടവകയുടെ സീലും പേജ് നംബറും ഉണ്ടായിരിക്കണം.**

14) 75 % ത്തിൽ കൂടുതൽ മാർക്കുള്ള കുട്ടികളുടെ ഉത്തരക്കടലാസ്സുകളാണ് രൂപതാകേന്ദ്രത്തിലേക്ക് അയച്ചുതരേത്. രണ്ടാം സെമസ്റ്റർ പരീക്ഷക്കുശേഷമാണ് രണ്ടു പരീക്ഷകളുടെയും ഉത്തരകടലാസുകൾ രൂപതയിലേക്ക് അയച്ചുതരേത്.

15) എഴുത്തുപരീക്ഷ 80 % + ഇന്റർനൽ 20 % = 100 % ഇവരും പ്രോഗ്രസ് കാർഡിൽ എഴുതേണ്ടതാണ്.

16) രണ്ടാം സെമസ്റ്ററിനുശേഷം രണ്ടു പരീക്ഷകളുടെയും മാർക്കുകൾ കൂട്ടിയാണ് അന്തിമ റിസൽട്ട് നിർണയിക്കേണ്ടത്. എഴുത്തുപരീക്ഷ 80 ൽ കുറഞ്ഞത് 28 മാർക്കും ഇന്റർനൽ 20 ൽ കുറഞ്ഞത് 7 മാർക്കും ലഭിച്ചാൽ മാത്രമേ കുട്ടി ജയിച്ചതായി പരിഗണിക്കാവു (35/100).

17) തോൽക്കുന്ന കുട്ടികൾക്ക് വീണ്ടും പരീക്ഷ നടത്തേണ്ടതാണ്.

**വിശ്വാസ പരിശീലകരുടെ ദിനം**

നവംബർ നാലാം തീയതി വിശ്വാസ പരിശീലകരുടെ മധ്യസ്ഥനായ വി. ചാർൽസ് ബൊറോമിയോയുടെ തിരുനാൾ ദിനമായി നമ്മൾ ആചരിക്കുകയാണല്ലോ. അന്നേദിവസം നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വിശ്വാസ പരിശീലകരെയും പ്രത്യേകമായി ആദരിക്കണം എന്ന് ഓർമ്മിപ്പിക്കുന്നു.

**മതബോധന വാരം**

വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികൾ പരീക്ഷയ്ക്ക് നന്നായി ഒരുങ്ങാൻവേണ്ടി ഒക്ടോബർ 18 മുതൽ 24 വരെയുള്ള ദിവസങ്ങൾ മതബോധന വാരമായി ആചരിക്കുകയാണ്. ഈ ദിവസങ്ങളിൽ കുട്ടികൾ വൈകുന്നേരം ഒരു മണിക്കൂർ സമയം വേദപാഠം പഠിക്കാൻവേണ്ടി ഉപയോഗിക്കണമെന്ന് ഓർമിപ്പിക്കുന്നു. അധ്യാപകർ അത് ഫോളോഅപ് ചെയ്യുമല്ലോ.

**പ്രതിഭാ സംഗമം**

12 ാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കായി ഡിസംബർ 26, 27, 28 തീയതികളിൽ കാക്കനാട് മൗണ്ട് സെന്റ തോമസിൽവച്ച് (എറണാകുളം) പ്രതിഭാ സംഗമം നടത്തപ്പെടുന്നതാണ്. നമ്മുടെ രൂപതയിൽനി ന്നും രണ്ട് ആൺകുട്ടികൾക്കും രണ്ട് പെൺകുട്ടികൾക്കും ഇതിൽ പങ്കെടുക്കാൻ അവസരമുണ്ട്. നല്ല പ്രതിഭാശാലികളായ, പോകാൻ താൽപര്യമുള്ള കുട്ടികളുടെ പേര് വിവരങ്ങൾ ഒക്ടോബർ 30 നുള്ളിൽ രൂപതാകേന്ദ്രത്തിൽ അറിയിക്കുക.

**മിഷൻ ക്വെസ്റ്റ്**

